# പതിമൂന്നാം കേരളനിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ

ചോദ്യം നം.815 12.12.2012 ൽ മറുപടിക്ക്

### എൻഡോസൾഫാൻ ബാധിതരായവർക്കുള്ള സഹായ പദ്ധതി

| ചോദ്യം<br>ശ്രീ.കെ.കുഞ്ഞിരാമൻ<br>(തൃക്കരിപ്പൂർ) : | | ഉത്തരം<br>ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും ദേവസ്വവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ബാധിതരായവർക്കുള്ള സഹായ പദ്ധതി പ്രകാരം തയ്യാറാക്കിയ ലിസ്റ്റിൽ നാളിതുവരെ എത്രപേരെ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും ഈ ലിസ്റ്റിൽ ഇനി എത്രപേരെ ഉൾപ്പെടുത്താനുണ്ടെന്നും വ്യക്തമാക്കാമോ ; | (എ) | കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ബാധിതരായ 4182 പേരുടെ പട്ടിക കാറ്റഗറി തിരിച്ച് തയ്യാറാക്കിയിട്ടുണ്ട്. ഇതിനു പുറമെ 2011 ആഗസ്റ്റ് മാസം നടത്തിയ ക്യാമ്പുകളിൽ പങ്കെടുത്തവരിൽ നിന്നും അർഹരായിട്ടുള്ള 698 പേരെ കണ്ടെത്തിയിട്ടുണ്ട്. അവരുടെ രോഗാവസ്ഥ കണക്കാക്കി പട്ടിക തരം തിരിക്കാനുള്ള നടപടികൾ പൂർത്തിയാവാനുണ്ട്. 2011 ഡിസംബർ മാസം നടത്തിയ ക്യാമ്പിൽ പങ്കെടുത്തവരിൽ നിന്നും അർഹരായവരെ ദുരിതബാധിതരുടെ പട്ടികയിൽ ഉൾപ്പെടുത്തുന്ന പ്രക്രിയയും പൂർത്തിയായിട്ടില്ല. |
| (ബി) | എൻഡോസൾഫാൻ കീടനാശിനി തളിച്ച പഞ്ചായത്തുകളുടെ സമീപ പ്രദേശങ്ങളിൽ താമസിക്കുന്നവരും കീടനാശിനിമൂലം രോഗം ബാധിച്ചവരുമായവരെ കൂടി പ്രസ്തുത സഹായ പദ്ധതിയിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ? | (ബി) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ